StudentBounty.com

# INTERNATIONAL INDIAN SCHOOL-DAMMAM

## SUMMATIVE ASSESSMENT-II (2013-14)

Class-VII　　　　　　　　　　　　　Marks-90

Subject-Malayalam　　　　　　　　　Time-3 hours

I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഗാന്ധിജി, നെഹ്റു, നേതാജി, ബഹദൂർഷാ, താന്തിയാതോപ്പി, ഝാൻസി റാണി, മംഗൽപാണ്ഡെ തുടങ്ങി നിരവധി ദേശാഭിമാനികൾ ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്തിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യദാഹികളുടെ, പ്രത്യേകിച്ച് യുവതലമുറയുടെ വീരാരാധനയ്ക്ക് പാത്രമായി നിൽക്കുന്ന ഒരു വിപ്ലവനായകനാണ് ഭഗത്സിംഗ്.

പഞ്ചാബിലെ ലായപ്പൂർ ജില്ലയിൽ 1907 സെപ്റ്റംബർ മാസത്തിലാണ് ഭഗത്സിംഗ് ജനിച്ചത്. സർദാർ കിഷൻസിംഗും വിദ്യാവതിയുമായിരുന്നു മാതാപിതാക്കൾ. ബാല്യകാലത്തു കൂട്ടുകാർ കളിച്ചുനടക്കുമ്പോൾ ബ്രിട്ടീഷുകാരെ ഈ രാജ്യത്തുനിന്ന് കെട്ടുകെട്ടിക്കുന്നതിനെക്കുറിച്ചു മാത്രമായിരുന്നു ആ കുട്ടിയുടെ ചിന്ത. 1926-ൽ നൗജവാൻ ഭാരത് സഭ രൂപികരിച്ചു. ചന്ദ്രശേഖർ ആസാദായിരുന്നു അതിനു നേതൃത്വം നൽകിയത്. പഞ്ചാബിലെ ജാലിയൻ വാലാബാഗിൽ 1919-ൽ നടന്ന കൂട്ടക്കൊല ഭഗത്തിന്റെ മനസിനെ വല്ലാതെ വേദനിപ്പിച്ചു. ജനറൽ ഡയർ എന്ന പട്ടാളമേധാവിയുടെ നേതൃത്വത്തിൽ ഇരുപതിനായിരം വരുന്ന നിസ്സഹായരായ ജനക്കൂട്ടത്തിനു നേർക്ക് വെടിയുണ്ടകൾ തീരുന്നതുവരെ നിറയൊഴിച്ചപ്പോൾ അവിടെ മരിച്ചുവീണത് ആയിരത്തി അഞ്ഞൂറിൽപ്പരം ഭാരതമക്കളായിരുന്നു. 1931 മാർച്ച് 23 ന് ലാഹോർ ഗൂഢാലോചനാ കേസിൽ പ്രതിയാക്കി ബ്രിട്ടീഷുകാർ ഭഗത് സിംഗിനെ തൂക്കിക്കൊന്നു.

1. ആരായിരുന്നു ഭഗത് സിംഗ്? (1)
2. ഭഗത് സിംഗിന്റെ മാതാപിതാക്കൾ ആരെല്ലാമായിരുന്നു? (1)
3. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്തിട്ടുള്ള ദേശാഭിമാനികൾ ആരൊക്കെയാണ്? (1)
4. എന്തായിരുന്നു ബാല്യത്തിലേ ഭഗത് സിംഗിന്റെ ചിന്ത? (1)
5. ഭഗത് സിംഗ് എന്ന് എവിടെ ജനിച്ചു? (1)
6. നൗജവാൻ ഭാരത് സഭ എന്നു രൂപീകരിച്ചു? നേതാവാര്? (1)
7. എന്നായിരുന്നു ജാലിയൻ വാലാബാഗ് കൂട്ടക്കൊല? എന്തായിരുന്നു ആ സംഭവം? (2)



www.StudentBounty.com
Homework Help & Pastpapers

StudentBounty.com

II. ആശയവിപുലനം ചെയ്യുക (5)
"മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

III. പദ്യം പൂരിപ്പിക്കുക (8 വരി) (6)

മലരണി _______________

_______________ നോക്കി

IV. ബ്രാക്കറ്റിൽ നിന്ന് ശരിയായ അക്ഷരം എടുത്ത് പൂരിപ്പിക്കുക (5)
(ന്ദ്യാ, മ്പ, ജ, ഞ്ജാ, ന്ധ്യാ, ച, ത്യാ, ജ്ഞാ, ബ, ധ്യാ)

1. അ - ഹിതം  2. നൊ - രം  3. സ - ദീപം
4. മഹാ - നി  5. ര - യിതാവ്

V. അർത്ഥം എഴുതുക (6)
1. നിഗമനം  2. പ്രഹരിക്കുക  3. സുഷിരം
4. വിപുലനം  5. ആമഗ്നൻ  6. ശതം

VI. വിപരീതം എഴുതുക (6)
1. മൃദുലം  2. ഇഹം  3. ആകർഷണം
4. വിശാലം  5. ഉൻമേഷം  6. കൃതജ്ഞത

VII. പര്യായം എഴുതുക (6)
1. പല്ല്  2. നിർമലം  3. ശബ്ദം
4. തിര  5. കൊതുക്  6. സായാഹ്നം

VIII. നാനാർത്ഥം എഴുതുക (4)
1. മരതകം  2. പാദം  3. മതം  4. ശ്രേണി

IX. വിഗ്രഹിക്കുക (5)
1. ശാസ്ത്രജ്ഞൻമാർ  2. ഇഹലോകവാസം  3. വിനോദയാത്ര
4. ജാതിഭ്രഷ്ടൻ  5. സാഹിത്യശാഖ

X. ചേർത്തെഴുതുക (5)
1. ക്രിസ്തു + അബ്ദം  2. അതി + അധ്വാനം  3. ദൃഷ്ടികൾ + ഊന്നി
4. ബ്രഹ്മ + ഉപാസകൻ  5. പാട്ടിൽ + അലിഞ്ഞ്



www.StudentBounty.com
Homework Help & Pastpapers

StudentBounty.com

XI. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (5)

1. കുലച്ചാർത്ത്　2. രൂപയായിരുന്നു　3. ചിറകടി
4. മുതലയുടെ　5. രോഗങ്ങൾ

XII. വാക്യത്തിൽ പ്രയോഗിക്കുക (Any 2) (2)

1. അതുല്യസ്ഥാനം　2. വിഷാദമഗ്നൻ　3. നാശോൻമുഖം

XIII. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (5)

1. ഏതു വർഷമാണ് ഗീതാഞ്ജലിക്ക് നോബൽ സമ്മാനം ലഭിച്ചത്?
   (1921, 1941, 1913)
2. പെൺകൊതുകുകൾ എത്ര നാൾ വരെ ജീവിക്കും?
   (ഏഴോ എട്ടോ ദിവസം, ഒരു മാസം, രണ്ടു മാസം)
3. ആരുടെ ശിഷ്യനായിരുന്നു ശങ്കരാചാര്യർ?
   (ഗൗഡപാദർ, മണ്ഡനമിശ്രൻ, സുരേശ്വരൻ)
4. ഒരു ഗ്രാമരംഗം എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തതാണ്?
   (ചങ്ങമ്പുഴ കവിതകൾ, സങ്കല്പകാന്തി, രമണൻ)
5. ബെന്നിയുടെ അച്ഛന്റെ പേരെന്ത് ?
   (തോമസ്, ജോസഫ്, തമ്പി)

XIV. ഉത്തരമെഴുതുക (Any 5) (10)

1. എവിടെയെല്ലാമാണ് ശങ്കരാചാര്യർ മഠങ്ങൾ സ്ഥാപിച്ചത്?
2. വിനോദയാത്രയ്ക്ക് ബെന്നി പോകുന്നില്ല . അതിന് തമ്പി കണ്ടെത്തിയ കാരണമെന്തായിരുന്നു ?
3. എപ്പോഴാണ് പൂമഴ പെയ്യുന്നത്?
4. കൊതുകുകൾ പരത്തുന്ന രോഗങ്ങൾ എന്തെല്ലാം?
5. ശാന്തിനികേതനത്തിൽ സാധാരണയായി ക്ലാസ്സുകൾ നടന്നിരുന്നത് എവിടെയാണ്?
6. ബെന്നി സ്നേഹിതനുവേണ്ടി ചെയ്ത ത്യാഗം എന്തായിരുന്നു?

XV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (Any 4) (12)

1. രാമൻകുട്ടിനായർ വെളിപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെ?
2. ശാന്തിനികേതനം സ്ഥാപിക്കുന്നതിന് മഹാകവിയിൽ പ്രേരണ ചെലുത്തിയ സംഭവങ്ങൾ വിശദമാക്കുക.
3. മുതലയുടെ പിടിയിൽ നിന്ന് ശങ്കരാചാര്യർ രക്ഷപ്പെട്ടതെങ്ങനെ?
4. കൊതുകുതിരി കൊതുകുകളെ ചെറുക്കുന്നത് എങ്ങനെ?
5. ഗ്രാമത്തിന്റെ ഏതു സവിശേഷതയാണ് മിന്നിത്തിളങ്ങുന്നത്?

****************BEST OF LUCK****************



www.StudentBounty.com
Homework Help & Pastpapers